# അഭയം നഷ്ടപ്പെട്ടവർ

ജോബി
രണ്ടാം വർഷ മലയാളം

ബസിലിരുന്നപ്പോൾ അമ്മക്കു വല്ലാത്ത ക്ഷീണമനുഭവപ്പെട്ടു. കെട്ടിടങ്ങളും മരങ്ങളുമെല്ലാം പിന്നോട്ടോടി മറയുകയാണ്. ബസിന്റെ ചില്ലിനിടയിലൂടെ കണ്ട ഒരു കീറ് ആകാശം കാർ കൊണ്ട് മൂടിയിരുന്നു. ഉണങ്ങിവരണ്ട പാടത്തിന്റെ കരയിലൂടെ ബസ് പതുക്കെ നീങ്ങി. അടുത്ത് വിഷണ്ണനായി തൂമ്പയും ചാരി നില്ക്കുന്ന കർഷകൻ. പെട്ടെന്ന് ഒരു പൊടിക്കാറ്റടിച്ചു ആ കാഴ്ച മാഞ്ഞുപോയി. ആ കർഷകൻ ഒരു മഴ സ്വപ്നം കാണുകയായിരിക്കുമെന്നവർ ഓർത്തു.



അവനെ കാണാൻ പറ്റുമോ? ഇനി കണ്ടില്ലെങ്കിൽ? എന്തോ അമ്മയുടെ മനസു പിടച്ചു. കയ്യിൽ ചുരുട്ടി പിടിച്ച കടലാസിലേക്ക് ഒരിക്കൽകൂടി നോക്കി. ആലോചിച്ചിട്ട് ഒരെത്തും പിടിയും കിട്ടുന്നില്ല. വീട് ഈടുവെച്ച് സൊസൈറ്റീന്ന് ലോണുമെടുത്ത് അവനെവിടെപ്പോയി? ഫാക്ടറിയിലെ ജോലികിട്ടാൻ പതിനായിരം രൂപ വേണമെന്നല്ലേ അന്ന് പറഞ്ഞത്? രൂപ കൃത്യമായി അന്നുരാത്രി വിളക്കുംവെട്ടത്തിരുന്നവൻ എണ്ണിയതാണല്ലോ.....പിന്നെ.....ഇനി ഓടിപ്പോവുകയോ മറ്റോ....ച്ഛേ...അതൊരിക്കലുമുണ്ടാവില്ല. തന്നെ ഒറ്റക്കാക്കിയിട്ട് അവനൊരിക്കലും.....

വല്ല അപകടവും.....അതോർത്തപ്പോൾ അവരുടെ നെഞ്ചിലെന്തോ വിലങ്ങി. അമ്മക്ക് ശ്വാസംമുട്ടി. ഭയാനകമായ ഏതോ മുറിഞ്ഞ ചിത്രങ്ങൾ അവരുടെ മുൻപിലേക്ക് തള്ളിക്കയറി വന്നു.

ബസു നിന്നപ്പോൾ ഏതോ ഉൾപ്രേരണയിലെന്ന പോലെ അമ്മ ഇറങ്ങി. പട്ടണത്തിലെ തിരക്ക് കണ്ട അവർക്ക് പേടി തോന്നി. തനിച്ച് ധൃതിയിൽ നടന്നുവന്നയൊരാളുടെ നേരെ അമ്മ കയ്യിലിരുന്ന ആ കടലാസ്സു കഷണം നീട്ടിപറഞ്ഞു.

"ഇതെവിടെയാണെന്ന് ഒന്നുപറയാമോ?"

"മാറി നിയ്ക്ക് തള്ളേ, പത്തുമണിക്ക് ആപ്പീസിലെത്തേണ്ടതാ."

അവർക്ക് ആധിയായി. ഒത്തിരി ബുദ്ധിമുട്ടിയാണ് ഈ പേരുതന്നെ കിട്ടിയത്. ഇനി.....അവനെ കണ്ടില്ലെങ്കിൽ.....അമ്മ വിയർപ്പുപുരണ്ട് ചുളുങ്ങിക്കൂടിയ പേപ്പറിലേക്ക് നോക്കി. മഷിയൊക്ക പടർന്ന് ഏതോ

കോമാളി ചിത്രങ്ങളായിട്ടാണ് അവർക്കത് തോന്നിയത്. (അവർക്ക് വായിക്കാൻ അറിയില്ലായിരുന്നു.) പതുക്കെ നടന്നുവന്ന ഒരാളുടെ നേരേ പേപ്പർ നീട്ടി അമ്മ ഏതോ അപരാധം ചെയ്തപോലെ തലകുനിച്ച് മിണ്ടാതെ നിന്നു.

അയാൾ അതുവാങ്ങി നോക്കി.

''ഇത് നേരെ പോയാ മതി. കുറച്ച് നടക്കാനുണ്ട്.''

അമ്മ നന്ദിപൂർവ്വം അയാളെ നോക്കി. പുഞ്ചിരിക്കാൻ ശ്രമിച്ചു. തന്റെ ചുക്കിച്ചുളിഞ്ഞ മുഖത്ത് പുഞ്ചിരിപോലും ഒരു വിതുമ്പലായ് മാറിയില്ലേയെന്ന് അവർ സംശയിച്ചു.

കാർ മൂടിയ ആകാശത്തിനു കീഴിൽ ചൂടുകൂടിവന്നു. കാലുകൾ നീട്ടിവെച്ച് അമ്മ വേഗം നടന്നു. ഓടയിൽ കെട്ടിനിന്ന കറുത്ത കൊഴുത്ത വെള്ളം അവരുടെ ഓർമ്മകളും വിഴുങ്ങിക്കളഞ്ഞു.

മുന്നിൽ ഫാക്ടറിയുടെ കൂറ്റൻ മതിൽകെട്ട്. അതിനു മുകളിൽ മുള്ളുകമ്പിയിട്ടിരിക്കുന്നു. നീണ്ടുയർന്ന പുകക്കുഴലുകൾ. അവയിൽ നിന്നുയരുന്ന കറുത്ത പുക ആകാശം നിറക്കുകയാണ്. ഇരുമ്പുഗയിറ്റിനു മുന്നിൽ തൊപ്പിയും കോട്ടുമിട്ട വാച്ചർ അമ്മയെ തറപ്പിച്ചു നോക്കി. കാര്യം കേട്ടപ്പോൾ പറഞ്ഞു.

''അങ്ങോട്ട് മാറി നിക്ക്. തള്ളേ, സൂപ്രണ്ടേമാൻ വരട്ടെ.''

കരിങ്കല്ലുപാകിയ മതിലിൽ ചാരിനിന്നപ്പോൾ അമ്മക്ക് വല്ലാത്ത തളർച്ചയനുഭവപ്പെട്ടു. അവർ ഒന്നും കഴിച്ചില്ലായിരുന്നു. രണ്ടാമത്തെ ഷിഫ്റ്റിനുള്ള സൈറൺ മുഴങ്ങിയപ്പോൾ അമ്മ ഞെട്ടിയെഴുന്നേറ്റു. വിശന്നു തളർന്ന് കരിപിടിച്ച ശരീരങ്ങളുമായി ആളുകൾ പുറത്തേക്കു പോകുന്നു. ഒട്ടിയ കവിളുകളും, ആശയറ്റ കണ്ണുകളും. ഈ മനുഷ്യർക്കെല്ലാം ഒരേ മുഖച്ഛായയാണെന്നവരോർത്തു. അവനെങ്ങാനും ഈ കൂട്ടത്തിൽ... അമ്മ ഓരോരുത്തരെയും സൂക്ഷിച്ചുനോക്കി.

ആദ്യം കണ്ട വാച്ചർ പിറകെ വരാൻ ആംഗ്യം കാട്ടി.

ഗയിറ്റിന്റെ ചെറിയ വിടവിലൂടെ കടന്ന് അമ്മ വാച്ചറുടെ പിന്നാലെ നടന്നു. ഏതോ അജ്ഞാതയന്ത്രങ്ങളുടെ ഇരമ്പലും ആവിയുടെ സീൽക്കാരങ്ങളും അവിടെ നിറഞ്ഞുനിന്നിരുന്നു.

***അമ്മ അതിന് മറുപടിയൊന്നും പറഞ്ഞില്ല താൻ ചുട്ടുപഴുത്ത മരുഭൂമിയിലൂടെ നടക്കുകയാണെന്നവർക്ക് തോന്നി. ചുറ്റും തിളച്ചുമറിയുന്ന മണൽക്കുന്നുകൾ. ആ ഭയാനക ഏകാന്തതയിൽ ഒരു ചുഴലിക്കാറ്റ് തന്നെ പൊതിയുകയാണ്***

ചൂടുവായു കെട്ടിനില്ക്കുന്ന ഇടനാഴി കയറിയിറങ്ങി കെട്ടിടത്തിനുള്ളിലെ കണ്ണാടിച്ചില്ലിട്ടു മറച്ച ഒരു മുറിക്കു മുന്നിലെത്തി. അവിടെ നരച്ചമുടിയും കൂർത്തമുഖവുമായി ഒരാൾ മേശക്കു പിറകിലിരിപ്പുണ്ടായിരുന്നു.

''എല്ലാം ഇവിടെ പറഞ്ഞാ മതി'' വാച്ചർ അകത്തേക്കു നോക്കി പറഞ്ഞു.

ഏതോ പേപ്പറിൽ നോക്കി തലയുയർത്താതെ അയാൾ ചോദിച്ചു. ''പേര''?

''കുഞ്ചെറിയ''

''ഇവിടെത്തന്നെയാണ് ഒറപ്പുണ്ടോ തള്ളേ''? ഇത്തവണ അയാൾ മുഖമുയർത്തി

ഉറപ്പാ സാറെ! അവൻ മൂന്നുമാസമായി വീട്ടീന്ന് പോന്നിട്ട്.... പിന്നെ ഒരു വെവ്രോം....

മങ്ങിയ കണ്ണാടിച്ചില്ലിനകത്ത് മഞ്ഞനിറത്തിലുള്ള അയാളുടെ കണ്ണുകൾ കറങ്ങിത്തിരിഞ്ഞു.

ഇവിടെ അങ്ങനെയൊരാളില്ലല്ലോ തള്ളേ...

ഭൂമിയൊന്നാകെ തനിക്കുചുറ്റും കറങ്ങുകയാണെന്ന് അമ്മയ്ക്ക് തോന്നി. വീഴാതിരിക്കാനായ് അവർ

മേശയിൽ പിടിച്ചു.

നിക്ക് നോക്കട്ടെ അയാൾ അലമാരിയുടെ അടിയിൽ നിന്ന് പൊടി പിടിച്ച ഒരു കെട്ട് പേപ്പറെടുത്ത് മറിച്ചു.

"കാഞ്ഞിരക്കടവ് കുഞ്ചെറിയാ"

"അതെ, അതുതന്നെ" അവർ ആവേശത്തോടെ പറഞ്ഞു. അയാളിവിടെ മൂന്നുമാസം മുമ്പ് പതിനായിരം കെട്ടിയിട്ട് ജോലിക്ക് ചേരേണ്ടതായിരുന്നു. പക്ഷെ അയാൾ പണം കെട്ടിയിട്ടുമില്ല, ജോലിക്കും ചേർന്നിട്ടില്ല".

"സാറെ...." വാക്കുകൾ കിട്ടാതെ അവൾ വിക്കി.

"അവൻ വീട് പണയം വെച്ച് രൂപേം കൊണ്ട് പോന്നതാ...... ഇതുവരെ അവൻ......."


"കാശ് തിരിച്ചടക്കാത്തത് കൊണ്ട് നാളെ വീട്....."

"പക്ഷേ അവൻ ഇവിടെ എത്തീട്ടില്ലല്ലോ തള്ളേ. കാശും കെണ്ട് ഒളിച്ചോടിക്കാണും. ഇനി ഏതായാലും അയാൾ വന്നിട്ട് കാര്യല്ല. പകരം പുതിയ ആളെയെടുത്തു. അവസാനം പറഞ്ഞത് അമ്മ കേട്ടില്ല. പുറത്തേക്കു നടക്കുമ്പോൾ വാച്ചർ സ്വകാര്യമായി അവരോട് പറഞ്ഞു.

"ആരെങ്കിലും അടിച്ചുകൊന്ന് കാശ് അടിച്ചുമാറ്റി വല്ല ഓടയിലും താത്തിക്കാണും, ങ്ങൾ പോലീസിലൊരു പരാതി കൊടുക്കിൻ. ഇന്നത്തെ കാലം മോശാ...."

അമ്മ അതിന് മറുപടിയൊന്നും പറഞ്ഞില്ല താൻ ചുട്ടുപഴുത്ത മരുഭൂമിയിലൂടെ നടക്കുകയാണെന്നവർക്ക് തോന്നി. ചുറ്റും തിളച്ചുമറിയുന്ന മണൽക്കുന്നുകൾ. ആ ഭയാനകമായ ഏകാന്തതയിൽ ഒരു ചുഴലിക്കൊടുങ്കാറ്റ് തന്നെ പൊതിയുകയാണ്, കാഴ്ചപ്പുറങ്ങൾ ഇരുട്ടിൽ മുങ്ങുന്നു.

നഗരത്തിൽ മഴപെയ്യാൻ തുടങ്ങി. ആ മഴയും നനഞ്ഞ് അമ്മ നടന്നു. റോഡരുകിൽ അവർക്കു മുന്നിലായി ഒരു ചത്തപട്ടി, ചീഞ്ഞഴുകി വികൃതമായിക്കിടക്കുന്നു. ചിതറിക്കിടക്കുന്ന കുടൽമാലകൾ കാക്കകൾ കൊത്തിവലിക്കുന്നു. അമ്മ മകനെയോർത്തു..... അവനെ ആരെങ്കിലും ഇതേപോലെ.....അമ്മയുടെ കണ്ണീര് ആ മഴയിൽ വീണലിഞ്ഞു. എല്ലാത്തിനും മീതെ നിറഞ്ഞുപെയ്യുന്ന മഴയും നോക്കി അവർ നടന്നു.



# അവൾ ആരായിരുന്നു

സമീന.സികെ
ഒന്നാം വർഷ മലയാളം

കൊച്ചുവെളുപ്പാൻകാലത്ത് മൂടിപ്പുതച്ചുറങ്ങുന്ന അവളെ വിളിച്ചുണർത്തിയത് ആ ഫോണിന്റെ ശബ്ദമായിരുന്നു.

ഹലോ, മായയുടെ വീടല്ലേ?

മറുഭാഗത്തൊരു പുരുഷ ശബ്ദം.

അല്ലല്ലോ

സോറി റോങ്ങ് നമ്പർ ആ സംഭാഷണം അവിടെ നിലച്ചു.

പല ദിവസങ്ങളിലായി അത് ആവർത്തിച്ചു. ആദ്യമൊക്കെ അതത്ര വലിയ കാര്യമാക്കിയില്ല. എങ്കിലും പിന്നീട് മായയെത്തേടിയെത്തുന്ന ഓരോ ഫോൺ കോളും അവളെ അലട്ടുകയാണുണ്ടായത്. മായ! ആ പേര് മുമ്പെങ്ങോ കേട്ട് പരിചയമുള്ളത്പോലെ. ഓർമ്മയിൽ എത്ര പരതി നോക്കിയിട്ടും എവിടെയാണെന്ന് കണ്ടെത്താൻ അവൾക്കായില്ല.



ഒഴിവു സമയങ്ങളിൽ ചിത്രങ്ങൾ വരച്ചിരിക്കാനാണ് അവൾക്ക് കൂടുതൽ ഇഷ്ടം. പക്ഷെ അന്നവൾക്ക് അതിനുള്ള ഉന്മേഷവും നഷ്ടപ്പെട്ടിരുന്നു. ആ ദിവസം നിദ്ര അവളെ തലോടിയതേയില്ല. തുറന്നിട്ട ജാലകത്തിലൂടെ ഇളം കാറ്റ് മുറിയിലേക്കെത്തുന്നുണ്ടായിരുന്നു. ഇളം കാറ്റിന്റെ ശീതള സ്പർശമോ രാത്രിയുടെ ഏകാന്തതയോ ഒന്നും അവൾ അറിയുന്നുണ്ടായിരുന്നില്ല. അവളുടെ ഉള്ളിൽ മായയുടെ രൂപം മാത്രം. ആയിരം തിരമാലകൾ അവളുടെ മനസ്സിൽ ആർത്തലച്ചുയരുകയാണ്. വല്ലാത്തൊരു അസ്വസ്ഥത. തന്റെ മനസ്സിൽ രൂപംകൊണ്ട മായയുടെ രൂപം അവൾ ക്യാൻവാസിലേക്ക് പകർത്തിനോക്കി. അവൾക്ക് തന്നെ അത്ഭുതം. വീണ്ടും ആ ചിത്രത്തിലേക്ക് നോക്കി അവൾ പറഞ്ഞു. ഇത് തന്നെയാണ് തന്നെ അലട്ടിക്കൊണ്ടിരിക്കുന്ന താൻ തേടുന്ന മായ. പക്ഷെ ഇവൾ ആരായിരുന്നു.

എന്നത്തേയും പോലെ അന്നും അവൾ രാവിലെ കാപ്പിയുമായി കോലായിൽ ചെന്നിരുന്നു. ചൂട് കാപ്പി ഊതി ഊതിക്കുടിക്കുന്നതിനിടയിലാണ് അവിടെക്കിടന്ന അന്നത്തെ പത്രം അവളുടെ ശ്രദ്ധയിൽപ്പെട്ടത്. മനസ്സിലുള്ള വിഷമവും രാത്രിയിലത്തെ ഉറക്കച്ചടവും അവളിലെ

> **ഈശ്വരാ, ജീവിതത്തിൽ കാണേണ്ടതും കാണാൻ പാടില്ലാത്തതുമായ കാഴ്ചകളിലൂടെയാണല്ലോ യാത്രകളെല്ലാം നീളുന്നത്. അതിനുശേഷം പിന്നീടൊരിക്കലും മായയെത്തേടി ഒരു ഫോൺകോളും എത്തിയിട്ടില്ല.**

ഉന്മേഷം നഷ്ടപ്പെടുത്തിയിരുന്നു. അലസമായിത്തന്നെ ആ പത്രമെടുത്ത് നോക്കി. അതിൽ കണ്ട കാഴ്ച അവളെ ഞെട്ടിക്കുകയാണുണ്ടായത്. അതേ. അതുതന്നെ. താൻ വരച്ചുവച്ച തന്റെ മനസ്സിൽ രൂപംകൊണ്ട ആ മായ ഇതാ പത്രത്തിൽ അവളുടെ പേര്, ഫോട്ടോ ഒക്കെയുണ്ട്. ഈശ്വരാ, അവൾ അറിയാതെ വിളിച്ചു പോയി. പെട്ടെന്നു തന്നെ അവൾ ആ ഫോട്ടോയ്ക്ക് താഴെയുള്ള വരകളിലൂടെ കണ്ണോടിച്ചു. എന്തു ചെയ്യണമെന്നറിയാതെ പത്രവുമായി അവൾ കുറച്ചു നേരം സ്തംഭിച്ചിരുന്നു പോയി. ആ ഫോട്ടോയ്ക്ക് താഴെ വലിയ അക്ഷരത്തിൽ എഴുതിവെച്ചിട്ടുമുണ്ട് റയിൽവേട്രാക്കിൽ ചതഞ്ഞരഞ്ഞ നിലയിൽ ഒരു പെൺകുട്ടി. അത്കണ്ട് അവൾ നെടുവീർപ്പിട്ടു. ഈശ്വരാ, ജീവിതത്തിൽ കാണേണ്ടതും കാണാൻ പാടില്ലാത്തതുമായ കാഴ്ചകളിലൂടെയാണല്ലോ യാത്രകളെല്ലാം നീളുന്നത്. അതിനുശേഷം പിന്നീടൊരുക്കലും മായയെത്തേടി ഒരു ഫോൺകോളും എത്തിയിട്ടില്ല.

# മംഗല്യത്താലികൾ

എം.പി. പവിത്ര

ഒരുപാടുറക്കം ബാക്കിനിൽക്കുന്നപോലൊരു ക്ഷീണം കണ്ണിനും, മനസിനും, എന്തേയങ്ങനെ? ജനൽപ്പുറമെ കാണുന്ന ആകാശത്തിലെ ചുവന്ന മേഘങ്ങളിലേയ്ക്ക് ഇടിമിന്നലുകളലിയുന്നു. ഇപ്പോൾ എവിടേയ്ക്കു പോയിരിക്കും എന്നറിയാത്തതുകൊണ്ട് ഇഷ്ടമുള്ള ഒരാൾക്കിന്ന് സന്ദേശത്തിന്റെ മേഘപ്പൂക അയയ്ക്കാനാവില്ലല്ലോ എന്നൊരു വരണ്ട ചിരി രാഖിയുടെ ഹൃദയത്തിലേയക്ക് വീണുടഞ്ഞു. ചിതറിയ ചിരിച്ചില്ലുകൾ പിന്നെ നെഞ്ചിൽ കുത്തിക്കയറി ചോര പൊടിയാൻ തുടങ്ങി.

അനു വെള്ളക്കരടിക്കുട്ടിയുടെ ചെവിയിൽ മെല്ലെ കടിച്ചു. എനിക്ക് ഏട്ടനെ കൊല്ലണം..... ഇന്നലെ ടീവീല് കണ്ടപോലെ പിന്നിൽക്കൂടെ പതിങ്ങിച്ചെന്ന് ഒറ്റക്കുത്ത്....അപ്പത്തന്നെചാവണം..... ഇന്ന് അമ്മേടെ കയ്യീന്ന് അടികൊള്ളാൻ കാരണം ആ ജന്തുവാണ്.....

"അനു ഒറങ്ങീല്ലെ ഇതുവരെ?" അമ്മയുടെ ശബ്ദം കേട്ടപ്പോൾ കരടിക്കുട്ടിയെ മേശപ്പുറത്തേക്കിട്ട് അവൾ കട്ടിലിൽ ചാടിക്കയറി ഉറക്കം നടിച്ച് തലവഴിമൂടി പ്പുതച്ചു കിടന്നു.

വിശ്വനാഥൻ വരാൻ വൈകുന്നതെന്താണ്? ഒരുമടുപ്പോടെ രാഖി ജനൽ വലിച്ചടച്ചു.

ഇളം മഞ്ഞക്കടലാസുകളുള്ള പുസ്തകം തുറന്ന് എഴുതി-ജീവിതം കഴിയുമ്പോൾ ആർക്കും.....മുഴുവനാക്കും മുമ്പ് പുറത്ത് കാറിരമ്പംകേട്ട് അവൾ എഴുന്നേറ്റു. ഊണുകഴിഞ്ഞെഴുന്നേൽക്കുംവരെ

വിശ്വനാഥൻ ഒന്നും പറഞ്ഞില്ലല്ലോ എന്നവൾ ശ്രദ്ധിച്ചു. രാത്രി നിലാവ് പുറത്ത് തീ നാളം പോലെ പടർന്നിറങ്ങുമ്പോൾ കസേര വലിച്ച് വരാന്തയിലിട്ട്, സിഗരറ്റിന്റെ പുകവളയങ്ങൾ മേൽപോട്ടു പറത്തിവിട്ട് വിശ്വനാഥൻ പറഞ്ഞു- "രാഖി കിടന്നോളൂ.... എനിക്കു കുറച്ചു തനിച്ചിരിക്കണം...." കോണിപ്പടികൾ കയറി മുകളിലെത്തുമ്പോഴേക്കും കിതപ്പ്. തടി കുറയ്ക്കണമെന്ന് ഡോക്ടർ കഴിഞ്ഞ തവണയും ഓർമ്മപ്പെടുത്തിയിരുന്നു. വണ്ണം കുറയാൻ യോഗയാണ് നല്ലത് എന്ന കൂട്ടുകാരിയുടെ ഉപദേശം അവൾതന്ന ചിത്രപുസ്തകം നോക്കി പ്രാവർത്തികമാക്കുമ്പോഴാണ് അനു ജനൽപ്പഴുതിലൂടെ ഒളിഞ്ഞു നോക്കി വിളിച്ചു കൂവിയത്- അച്ഛാ! ഏട്ടാ!..... ഓടിവരൂ . ഒരു രസം കാണണോ....അമ്മ ഇതാ ഈ തറേല് ഒരു ഷീറ്റും വിരിച്ച് തവള കെടക്കണപോലെ കെടക്ക്ണൂ!.........

കുട്ടികളുടെ മുന്നിൽവെച്ച് പരിഹസിക്കുന്നതുകൊണ്ടാണ് അവരുമിപ്പോൾ കളിയാക്കാൻ തുടങ്ങിയതെന്നു പറഞ്ഞപ്പോൾ അവജ്ഞയുടെ ഒരു നോട്ടമായിരുന്നല്ലോ വിശ്വനാഥന്റെ മറുപടി.

ചോര വാർന്നുവീഴുന്ന തിരിഹൃദയത്തിന്റെ ചില്ലിട്ട പടത്തിനു മുന്നിലെ മെഴുകുതിരിയണച്ച് ആൻമേരി നിവർന്നു. വിശപ്പില്ലെന്ന് പപ്പയോടു കള്ളം പറഞ്ഞ് ടെറസിലേക്കു കയറി പാരപ്പെറ്റിനുമുകളിൽ കാൽവെച്ച് നിൽക്കുമ്പോൾ പെട്ടെന്ന് താഴേക്ക് പറന്നാലോ എന്നൊരു ചിന്ത



*പാലക്കാട് മാർഗശ്ശേരി വീട്ടിൽ പരേതനായ മോഹൻദാസ് മേനോന്റെയും ഗംഗാഭായിയുടെയും മകളായ എം.പി. പവിത്രയുടെ "മംഗല്യത്താലികൾ" ഗൃഹലക്ഷ്മി ചെറുകഥാ അവർഡിന് അർഹമായി.കാലിക്കറ്റ് സർവ്വകലാശാലയിൽ എം.എ. രണ്ടാംവർഷ മലയാളം വിദ്യാർത്ഥിനിയായ എം. പി.പവിത്ര ആനുകാലികങ്ങളിൽ കഥകൾ എഴുതാറുണ്ട്. മാതൃഭൂമി കഥാ-കവിതാ മത്സരങ്ങൾ, വനിതാ കഥാമത്സരം, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജ് മലയാളവിഭാഗം വി. പി.ശിവകുമാർ സ്മരണക്കായി നടത്തിയ സംസ്ഥാന ചെറുകഥാ മത്സരം, കാലിക്കറ്റ് ഇന്റർസോൺ കഥാ മത്സരം എന്നിവയിൽ സമ്മാനങ്ങൾ ലഭിച്ചിട്ടുണ്ട്. തൃശൂർ മലയാള പഠന ഗവേഷണ കേന്ദ്രത്തിന്റെ കഥാപുരസ്കാരം കിട്ടിയിട്ടുണ്ട്. പാലക്കാട് ഗവ. വിക്ടോറിയ കോളേജിൽ നിന്ന് ബി.എ.രണ്ടാം റാങ്കോടുകൂടിയാണ് പാസായത്.*

അവളുടെ മനസിലുടക്കി. ഒരു ചെറുചിരിയോടെ കാൽ വലിച്ച് തിരിയെ കോണിപ്പടികളിറങ്ങി അവൾ വിശ്വനാഥന്റെ നമ്പർ ഡയൽചെയ്തു.

എക്സ്റ്റൻഷൻ ഫോണിന്റെ റിസീവറും കയ്യിൽ പിടിച്ച് രാഖി കുറച്ചു സമയം തരിച്ചു നിന്നു. ആൻമേരിയുടെ പതിഞ്ഞ ചിരി, വരാം എന്ന് വിശ്വനാഥന്റെ ഉറപ്പുപറയൽ, പിന്നെ....

പുറത്ത്, നക്ഷത്രങ്ങളുടെ കൺവെളിച്ചങ്ങൾ മുഴുവനും കെട്ടിരുന്നു. ഓരോർമയിലേക്ക് രാഖി ചാരിനിന്നു.... മുത്തച്ഛന്റെ ചിതക്കരികെ പൂത്തുനിന്ന മുളങ്കാട്....വിണ്ടുകീറിയ മുളന്തണ്ടുകൾ....അതിരിൽ ചെമ്പരത്തിയുടെ കൺമിഴിച്ചുവപ്പ്-കുട്ടിക്കാലത്തിന്റെ ആകാശം നിറയെ മുത്തച്ഛന്റെ സ്നേഹം അപ്പൂപ്പൻ താടികളായി പാറിനടന്നിരുന്നു. ഒരുമിഴി ഉറങ്ങുമ്പോൾ മറുമിഴി കാവലിരിക്കും വിധമുള്ള സ്നേഹത്തെപ്പറ്റിപ്പറഞ്ഞത് മുത്തച്ഛനാണ്.... സ്നേഹമല്ലാതെ മറ്റൊന്നും വിശ്വനാഥന് നൽകിയിട്ടില്ല. എന്നിട്ടുമെന്തേ നേർത്ത കാണാനൂലിഴകൾ പൊട്ടിയത്....?



"ഓഫീസിൽ കുറച്ചു തിരക്കുണ്ട്....ഇന്നുരാത്രി എന്നെ കാത്തിരിക്കണ്ടാ....നേരത്തെ ഭക്ഷണം കഴിച്ച് കിടന്നോളൂ...." എന്നുപറഞ്ഞ് സമർത്ഥമായി കബളിപ്പിച്ചവന്റെ വിജയഭാവത്തോടെ കാറിൽ കയറുന്ന വിശ്വനാഥനെ നോക്കി നിൽക്കെ ഉള്ളുലഞ്ഞു നിറഞ്ഞ ഒരു കണ്ണീർത്തുള്ളി താഴെ വീഴാതെ രാഖി മനസ്സിലേയ്ക്ക് ചേർത്തുപിടിച്ചു. ഒരിക്കൽ വായിച്ച്, ഇഷ്ടം തോന്നിയതുകൊണ്ട് മറവിയിൽ മുക്കി ഉണങ്ങാനിടാത്ത ഒരു കവിയുടെ ചില വരികൾ ഹൃദയത്തിലേക്ക് പാറിവന്നു- കാത്തിരിപ്പ് ഒരു രാഗമാണ്. നീല മിഴികളിൽനിന്ന് നക്ഷത്ര സമൂഹങ്ങളിലേയ്ക്ക് ആളിപ്പടരുന്നൊരു മൂകരാഗം- കാത്തിരിപ്പ്....

മേശപ്പുറത്ത് ചായയെടുത്തുവെച്ച് രാഖി കുട്ടികളെ വിളിച്ചു. മേശക്കടിയിലൂടെ അനുവിനെ തോണ്ടി നിഖിൽ സ്വരം താഴ്ത്തി ചോദിച്ചു- 'അമ്മയെന്തിനാ ദേഷ്യപ്പെട്ടിരിക്കുന്നത്?''

"ആവോ!.... ഏട്ടൻ തെറ്റീതല്ലേ..... നാണല്ല്യാരെ പിന്നെന്തിനാ എന്നോട് മിണ്ടാൻ വരണ്...."

മുഖം വീർപ്പിച്ച് പ്ലേറ്റിലെ പരിപ്പുവട മുഴുവൻ തിന്ന് നിഖിലിന്റെ പ്ലേറ്റിലേക്ക് ഇടം കണ്ണിട്ടു നോക്കിയപ്പോൾ,

"പെണ്ണിന്റെ നോട്ടം കണ്ടില്ലേ കൊതികൊണ്ട് എനിക്ക് വയറു വേദന വരും....." എന്നു പിറുപിറുത്ത് ഒരു പരുപ്പുവടയുടെ പകുതി അവൾക്കു കൊടുത്തപ്പോൾ ഇളംചിരിയോടെ അനു പിണക്കം മറന്നു.

ഇനി പതിനഞ്ചുനാൾ കഴിഞ്ഞ് ഷാർജയിൽ നിന്നും അലക്സെത്തിയാലുണ്ടാകുന്ന വിവാഹത്തെ ഓർമിപ്പിച്ച് ആൻമേരിയുടെ കൈവിരലിൽ പൊൻമോതിരം തിളങ്ങി. ഇളംപച്ചസാരിയുടെ ഞൊറിവുകൾ ശരിയാക്കി, കുരിശു വരച്ച് പടിയിറങ്ങുമ്പോൾ ആൻമേരിയുടെ കണ്ണിൽ നിറയെ കാറ്റലകളായിരുന്നു. വിശ്വനാഥന്റെ മനസിൽ കാറ്റത്തു പറന്നുയർന്ന ഒരു സാരിത്തുമ്പും ആൻമേരിയുടെ മുഖവും വാശിയോടെ നിന്നു. അവൾക്കായി കാറിന്റെ മുൻവാതിൽ തുറന്നു. പിടിക്കുമ്പോൾ വിശ്വനാഥന്റെ കൈവിറച്ചു. അന്നേരം കാറ്റലകൾ മുഴുവൻ ആൻമേരിയുടെ കണ്ണുകളിൽനിന്നിറങ്ങി ദൂരെ ദൂരെ കാറ്റാടിമരത്തിന്റെ നരച്ച ഇലത്തുമ്പുകളിലേയ്ക്ക് പാറിപ്പോയി.

വിശ്വനാഥന്റെ വീട്ടുമുറ്റത്ത് അപ്പോൾ ഒരു മൈന പാവം തോന്നിപ്പിക്കുന്ന നിഷ്ക്കളങ്കതയോടെ ഇരതേടി. അതു നോക്കി നിഖിൽ അനുവിനെ വിളിച്ചു.

"എടീ ........നോക്ക്......ഒരു മൈനേ കണ്ടാ മോശാണ്....രണ്ടു മൈനകളെ ഒപ്പം കാണണം....ന്നാ..... നല്ലതാട്ടോ.....മധുരം തിന്നാൻ കിട്ടും......"

"മറ്റേ മൈന അവടടുത്തന്നെണ്ടാവും....നമ്മക്ക്

പോയി തെരഞ്ഞ് നോക്കാട്ടോ ഏട്ടാ..."

ഗൃഹപാഠത്തിന്റെ നോട്ടുബുക്ക് മടക്കിവെച്ച് എഴുന്നേൽക്കാൻ തുടങ്ങിയ കുട്ടികൾ രാഖിയുടെ കാലൊച്ച് കേട്ട് വേഗം പുസ്തകം നിവർത്തി, പാഠങ്ങളിലേയ്ക്ക് കണ്ണയച്ച് നിശ്ശബ്ദരായി. അവരെ ശ്രദ്ധിക്കാതെ മുകളിലേക്ക് കയറിപ്പോകുന്ന രാഖിയെച്ചൂണ്ടി നിഖിൽ പിറുപിറുത്തു- "ഈ അമ്മയെക്കെന്തു പറ്റി......?"

സന്ധ്യാദീപം കൊളുത്തിവെച്ച് രാഖി വിവശമായ ഒരു പ്രാർത്ഥനയിലേക്ക് കൈകൂപ്പി വരൂ.... ഭൂതഗണങ്ങളുടെ അകമ്പടിയുള്ള അമ്മേ, എന്റെ മനസ്സിലേയ്ക്ക് ഒരു നനുത്ത മേഘക്കീറായി ഒഴുകിവരൂ..... ആശ്വാസത്തിന്റെ കുളിൽമഴയായി എന്നിട്ടു പെയ്തു തീരൂ....പ്രാർത്ഥനകൾ ചുണ്ടിൽ തങ്ങി വിറച്ചു. അർദ്ധനാരീശ്വര ചിത്രത്തിനു മുന്നിൽ ചന്ദനത്തിരികൾ സുഗന്ധത്തിന്റെ അലകളായൊഴുകി നടന്നു. വിളക്കിലെ ജ്വാല കാറ്റിൽ തലയിളക്കുന്നു.



രാവണൻ കൈലാസമെടുത്ത് അമ്മാനമാടുമ്പോൾ ശിവന്റെ മുടിക്കെട്ടു ചിതറുന്നു. വേണീഭാരത്തിന്റെ ഒളിത്താവളത്തിൽനിന്നു പുറത്തെത്തിയ വെൺപളുങ്കിന്റെ നിറമുള്ള, മദിച്ചൊഴുകുന്ന നീർച്ചോല പോലെ സുന്ദരിയായവളെ-ഗംഗയെക്കണ്ട്, കലങ്ങുന്ന വിടർന്ന കണ്ണുകളും, നെഞ്ചിൽ അമ്പരപ്പിന്റെ വിറയലുമായി ശ്രീ പാർവ്വതി-ശിവനോടുള്ള പ്രണയം തപസ്സിന്റെ ത്രിപ്പൂക്കളായി അർപ്പിച്ച് ഒടുവിൽ, സമർത്ഥമായൊരുവഞ്ചനയുടെ മുന്നിൽ ആകെ ക്കിതച്ചു തളർന്നുപോയവൾ. ഓർക്കുന്തോറും രാഖി കിതപ്പടക്കാൻ പാടുപെട്ടു. അകിൽപ്പുകയുടെ ഗന്ധം. പാട്ടിന്റെ രക്തനിറത്തിളക്കം. ശ്രീ പാർവതി ദുർഗ്ഗയാകുന്നു. കണ്ണിൽ തീ പ്പൊരികൾ. ചുറ്റും പൊട്ടിച്ചിതറുന്ന അഗ്നിപുഷ്പങ്ങൾ, ചെമ്പട്ട്, കാറ്റിൽ ഉലഞ്ഞുലഞ്ഞു വിടരുന്നു. ഭ്രമിപ്പിക്കുന്ന ഇത്തിരിവെട്ടം. എട്ടുകൈകളിലും ദിവ്യായുധങ്ങളുടെ പ്രഭ. തീവ്രമായൊരു നിശ്വാസത്തോടെ രാഖി കൺതുറന്നു. വിശ്വനാഥനുവേണ്ടിഅടിയാണ് തിങ്കളാഴ്ച വ്രതങ്ങൾ. ഉപവാസത്തിന്റെ വ്രതശുദ്ധികളും, നെടുമംഗല്യത്തിനായുള്ള തീവ്രപ്രാർത്ഥനകളും....പരിഹാസത്തിന്റെ ഒരുൾച്ചിരി നെഞ്ചിൽ പുകപോലെതങ്ങിത്തങ്ങിനിൽക്കുന്നത് രാഖി അറിഞ്ഞു.

കാറ്റിന്റെ കൈപ്പിടിയിൽ തൊടിയിലെ മുരിങ്ങമരങ്ങൾ വിറച്ചു. മുരിങ്ങയിലകൾ പാർവതീദേവിയുടെ മംഗല്യത്താലികളാണെന്ന് പണ്ടത്തെ ഏതോ വൈകുന്നേരങ്ങളിൽ മുത്തച്ഛൻ പറഞ്ഞിരുന്നതാണ്. രാത്രിയാകാശത്തിന്റെ നക്ഷത്രങ്ങളിൽ ഏഴുപേരടങ്ങുന്ന ഒരു കൂട്ടത്തെച്ചൂണ്ടിക്കാണിച്ച് അവ സപ്തർഷികളാണെന്ന് പറഞ്ഞു. "മരണമടുത്താല്, കുട്ട്യേ, എത്ര തെരഞ്ഞാലും സപ്തർഷികളെ കാണാൻ പറ്റില്ല്യന്നാണ് പറയ്ാ...."ഓർമയിലെ വിറകലർന്ന ശബ്ദം നേർത്ത് പോവുന്നു.

രാത്രിയിലേക്ക് ഇടിമിന്നൽ വീണ്ടും. മുരിങ്ങയിലകൾ മിന്നൽ വെളിച്ചത്തിൽ തിളങ്ങി. രാക്കാറ്റിന്റെ ശ്വാസത്തിൽ നേർത്ത മുല്ലപ്പൂ ഗന്ധം ചുരന്നു. പിന്നെ കാറ്റിന്റെ കാണാച്ചിറകുകൾ ശക്തിയോടെ പിടഞ്ഞുണരുമ്പോൾ മുരിങ്ങയിലത്താലികളിൽ ചിലത് അടർന്ന് വട്ടംചുറ്റി പൊങ്ങിയുയർന്ന് കൺമുനത്തുമ്പിൽനിന്നും അകലേക്കകലേക്കു ചിതറി നടന്ന് മാഞ്ഞുപോയി.

നിഖിലിനെ പുതപ്പിച്ച്, അനുവിനെ ചേർത്തു പിടിച്ച് കിടക്കുമ്പോൾ ഈ വൈകിയ രാത്രിയിൽ ഇനിയെപ്പോഴാണ് വിശ്വനാഥൻ വരിക എന്നൊരു ചിന്ത രാഖിയെ തൊട്ടു. "അമ്മേ ഒരു കത...മൊയലിന്റെ കത പറയ്യോ?" ചുണുങ്ങുന്ന അനുവിന്റെ മുടിയിഴകൾ മാടിയൊതുക്കി രാഖി പറഞ്ഞു- "അനുക്കുട്ടിക്ക് അമ്മ രാത്രിയുടെകഥ പറഞ്ഞുതരാം....."

"കള്ള ഭൂതങ്ങളാണ് രാത്രികൾ. ഉണ്ടക്കണ്ണുള്ള, വാലറ്റത്ത് തീക്കനലുകളുള്ള കരിംഭൂതങ്ങൾ...." ഓർത്തോർത്ത് പറയുന്തോറും രാഖിക്ക് നെഞ്ചുവേദനിച്ചു. അനുവിനെ ഒന്നുകൂടി ചേർത്തുപിടിച്ച് ചിരിച്ചുചിരിച്ചങ്ങനെ രാഖി നനവ് തുടച്ചു.

# മാർക്ക് ട്വെയ്ൻ

**സാജിദ്. എ. ലത്തീഫ്**
**ഒന്നാം വർഷ ബി.എ ഇംഗ്ലീഷ്**

പാറിപ്പറന്ന മുടിയും പൊടിപിടിച്ച വസ്ത്രങ്ങളുമായി തന്റെ തോൾസഞ്ചിയുമടക്കിപ്പിടിച്ച് സാമുവൽ നദിയോരത്ത് നിന്നു. നദിയിൽ നിന്ന് സുഖകരമായ തണുത്ത കാറ്റടിച്ചു. നിർവികാരത നിറഞ്ഞുനിന്നിരുന്ന അയാളുടെ മുഖത്ത് ഒരു വരണ്ട ചിരി പടർന്നു. നേരമിരുട്ടുകയായിരുന്നു. ഒരു കിഴവൻ നീഗ്രോ ആടിയാടി നടന്നു ചെന്ന് ജട്ടിയിലെ വിളക്കുകാലിൽ തിരി കൊളുത്തി. അങ്ങകലെ നദിയുടെ മറുതീരത്തിന്റെ ഇരുണ്ട ബാഹ്യരേഖകൾ മഞ്ഞിനടിയിലൂടെ അവ്യക്തമായി കാണാമായിരുന്നു. നദി അവിടെ ഒരു വളവ് തിരിയുകയായിരുന്നു. അങ്ങിങ്ങായി ചില വഞ്ചികളും ചങ്ങാടങ്ങളും നീങ്ങിക്കൊണ്ടിരുന്നു. അയാൾ ജട്ടിയിലെ ഒരു പലക ബെഞ്ചിന്മേൽ ഇരുന്നു. അവിടെ താനൊറ്റയ്ക്കാണല്ലോയെന്നയാൾ ഓർത്തു. വിളക്ക് കൊളുത്തുവാൻ



വന്ന നീഗ്രോ നടന്നകലുന്നു. സാമുവൽ വിളിച്ചു.

"ഏയ്!"

കിഴവൻ നിന്നു.

"വടക്കോട്ടുള്ള ബോട്ട് പോയിക്കഴിഞ്ഞുവോ?"

"ഇല്ല. ഇനിയും നേരമുണ്ട്."

അയാൾ വീണ്ടും അവിടെത്തന്നെയിരുന്നു. ധാരാളം സഞ്ചരിച്ചതിന്റെ ക്ഷീണം അയാളുടെ മുഖത്ത് തെളിഞ്ഞു കണ്ടു. കാറ്റിൽ പറക്കുന്ന നീണ്ട മുടി മാടിയൊതുക്കി അയാൾ തളർന്നിരുന്നു. പക്ഷേ അയാളുടെ കണ്ണുകളിൽ ഒരു തിളക്കം നിലനിന്നിരുന്നു. അതുകൊണ്ടുതന്നെ അയാളുടെ ക്ഷീണം വെറും യാത്രയുടേത് മാത്രമാണെന്ന് വ്യക്തമായിരുന്നു. അയാൾ നിർന്നിമേഷനായി നദിയിലേക്ക് നോക്കിയിരുന്നു. ചില ചങ്ങാടങ്ങളിൽ തീക്കൂട്ടിയിട്ട് ആളുകൾ ചുറ്റും കൂടിയിരിക്കുന്നു. ചിലർ ഒച്ചയിടുന്നു. ചിലർ മദ്യപിക്കുന്നു. ഒരു ജലച്ഛായചിത്രം പോലെ തോന്നിച്ച ആ ദൃശ്യം അയാളെ സന്തോഷിപ്പിച്ചു. നദിയുടെ താഴെ ഒരു കൊച്ചു ദ്വീപു കാണാം. അവിടെനിന്ന് ഒരു പൊട്ടുപോലെ വെളിച്ചം. സാമുവൽ ഓർത്തു. വർഷങ്ങൾക്ക് മുമ്പ് ഹാനിബാളിലെ ജാക്സൺസ് ദ്വീപിൽ ഇതുപോലൊരു തീയ്ക്ക് ചുറ്റും താനും കൂട്ടുകാരുമിരുന്നത്. സാമുവൽ ഓർമ്മകളിൽ സ്വയം നഷ്ടപ്പെട്ടു.

ഹാനിബാളിലെ ബാല്യകാലം. കൂട്ടുകാരോ

ടൊത്ത് നദിയിൽ ചൂണ്ടയിട്ടും നീന്തിത്തുടിച്ചും തീരങ്ങളിലെ പൂഴിത്തട്ടുകളിൽ കളിച്ചു തിമിർത്തും കഴിഞ്ഞുപോയ കാലം. ഓളങ്ങൾ കീറിമുറിച്ചു കൊണ്ട് ഒഴുകിപ്പോകുന്ന നാടൻ തോണികളും ഇടമുറിയാത്ത അലർച്ചയുമായി അതിവേഗം കുതിച്ചുപായുന്ന സ്റ്റീം ബോട്ടുകളും തനിയ്ക്ക് ഹരമായിരുന്ന കാലം. 'ഹോളി ഡേയ്സ് ഹില്ലി'ന്റെ താഴ്‌വാരത്ത് കൂടി പാതി രാത്രിയിൽ ടോം ബ്ലാക്കൻഷിപ്പിനോടൊപ്പം സാഹസികതകൾ തിരഞ്ഞു നടന്ന കാലം. ടോം! അവനിപ്പോൾ എവിടെയായിരിക്കും? എത്രയോ നാളുകളായി ഹാനിബാൾ വിട്ടു പോന്നിട്ട്! ഗ്രാമം ഇപ്പോൾ കാണുമോ അവിടെ? അമ്മയും ചേട്ടൻ ഒറിയോണുമൊക്കെ? എത്രയോ നാളായി അവരെയൊക്കെ കണ്ടിട്ട്. സ്നേഹം തുളുമ്പുന്ന ആ വിളി കേട്ടിട്ട്........"സാമ്മീ....."

ജീവിതം അന്നെത്ര മനോഹരമായിരുന്നു. കഠിനമായ ജീവിതയാഥാർത്ഥ്യങ്ങളറിയാൻ തുടങ്ങുന്നതിന് മുൻപുള്ള കാലം. ഫ്ളോറിഡയിൽ നിന്നാണ് ഓർമ്മകൾ തുടങ്ങുന്നത്. തന്റെ ജന്മസ്ഥലം അതെ ഇന്നുമോർക്കുന്നു. തനിക്കന്ന് അഞ്ചോ ആറോ വയസു പ്രായം. ക്വാൾസമ്മാവന്റെ തോട്ടത്തിൽ നിന്ന് യാത്ര തിരിയ്ക്കുകയായിരുന്നു അന്ന്. എല്ലാ സാധനസാമഗ്രികളും പെറുക്കിക്കൂട്ടി അച്ഛനും അമ്മയും ഒറിയോണും പാമിലയും ഒരുങ്ങി നിൽക്കുന്നത് തനിക്കോർമ്മയുണ്ട്. എങ്ങോട്ടാണ് യാത്രയെന്ന് മാത്രം തനിക്ക് മനസ്സിലായില്ല. "നിന്നെ കൊണ്ടുപോവില്ല" എന്ന് പറഞ്ഞ് ഒറിയോണും പാമിലയും കൂടി നിന്നെ കളിപ്പിച്ചതും ഓർമ്മയുണ്ട്. ഒരു വലിയ കുതിരവണ്ടി തയ്യാറായി നിന്നിരുന്നു. ക്വാൾസമ്മാവൻ അമ്മയെ പൊക്കിയെടുത്ത് വണ്ടിയിൽ കയറ്റിയതും പാറ്റ്സിയമ്മായി തന്നെ ഉമ്മകൾ കൊണ്ടു പൊതിഞ്ഞതുമെല്ലാം ഇന്നലെ നടന്നതുപോലെ മനസിൽ നിറഞ്ഞു നിൽക്കുന്നു. ക്വാൾസമ്മാവൻ ഒരു കടലാസു പൊതി അച്ഛന്റെ കയ്യിൽ കൊടുത്തിട്ടു പറഞ്ഞു:

**ഹാനിബാളിലെ ബാല്യകാലം. കൂട്ടുകാരോടൊത്ത് നദിയിൽ ചൂണ്ടയിട്ടും നീന്തിത്തുടിച്ചും തീരങ്ങളിലെ പൂഴിത്തട്ടുകളിൽ കളിച്ചു തിമിർത്തും കഴിഞ്ഞുപോയ കാലം. ഓളങ്ങൾ കീറിമുറിച്ചു കൊണ്ട് ഒഴുകിപ്പോകുന്ന നാടൻ തോണികളും ഇടമുറിയാത്ത അലർച്ചയുമായി അതിവേഗം കുതിച്ചുപായുന്ന സ്റ്റീം ബോട്ടുകളും തനിയ്ക്ക് ഹരമായിരുന്ന കാലം.**

"ഇതിരിക്കട്ടെ, ജോൺ. ഹാനിബാളിൽ ഒരു വീട് ഞാനേർപ്പാടാക്കിയിട്ടുണ്ട്. ഇതുകൊണ്ടൊരു കൊച്ചു ബിസിനസ് തുടങ്ങണം."

അച്ഛന്റെ കണ്ണുകൾ നിറഞ്ഞിരുന്നു. അച്ഛൻ കരയുന്നത് താൻ കണ്ടിട്ടേയില്ലായിരുന്നു, അന്നുവരെ. പരുക്കൻ സ്വഭാവമല്ലേ പുറത്ത് കാണാറുള്ളൂ. ഹാനിബാളിലേയ്ക്കുള്ള യാത്ര രസകരമായിരുന്നു. ഗ്രാമത്തിനോടടുത്തപ്പോൾ നീണ്ട് പരന്ന് വിശാലമായൊഴുകുന്ന പ്രതാപശാലിയായ മിസ്സിസ്സിപ്പി നദി താനാദ്യമായി കണ്ടു. എന്തൊരത്ഭുതമായിരുന്നു തനിക്ക്! ഇന്നുമത് മാറിയിട്ടില്ല. നദിയിലെ തെളിവെള്ളത്തിൽ മീനുകൾ പുളയ്ക്കുന്നതും ഓളങ്ങളുയർത്തിക്കൊണ്ട് സ്റ്റീംബോട്ടുകൾ നീങ്ങുന്നതുമെല്ലാം കണ്ടുനിൽക്കാൻ തിനിക്കിപ്പോഴും ഇഷ്ടമാണ്. നഗരപരിഷ്കാരങ്ങൾ കടന്നുചെന്നിട്ടില്ലാത്ത ഒരു തനിഗ്രാമമായിരുന്നല്ലൊ അന്ന് ഹാനിബാൾ. വളഞ്ഞുപുളഞ്ഞൊഴുകുന്ന മിസിസിപ്പിയും തീരങ്ങളിലെ കൃഷിയിടങ്ങളും കൊച്ചു കൊച്ചു കുന്നുകളും പുൽമേടുകളുമെല്ലാം കൊണ്ട് പ്രകൃതി കനിഞ്ഞനുഗ്രഹിച്ച ഒരു മനോഹരഗ്രാമം. ഒരാഴ്ചയ്ക്കുള്ളിൽ അവിടെ ജനിച്ചുവളർന്നതിൻവണ്ണം താനവിടെ പരിചിതനായി. ആയിടയ്ക്കാണല്ലൊ താനാ പോക്കിരിച്ചെക്കനെ പരിചയപ്പെട്ടത്. എന്റെ പ്രിയസുഹൃത്ത് ടോം ബ്ലാക്കൻഷിപ്പിനെ. മണ്ണിലൊരു വര വരച്ച് അതി

നപ്പുറം കടന്നാൽ അടി വീഴുമെന്ന് ഭീഷണി മുഴക്കിയ അവനെ തനിക്കിപ്പോഴും നല്ല ഓർമ്മയുണ്ട്. ആ വഴക്കിൽ നിന്നാരംഭിച്ച ആ സൗഹൃദം എന്തൊക്കെ രസകരമായ സംഭവങ്ങൾക്ക് വഴി മരുന്നിട്ടു.

അതുപോലെ വിൽ ബോവൻ. പുഴുപ്പല്ലൻ ഗൾബ്രാഡി. അവൻമാരൊക്കെയിപ്പഴും ഹാനിബാളിൽ തന്നെ കാണുമോ? ചെന്നിട്ടന്വേഷിക്കണം. സാമുവൽ ഓർത്തു. താനും വില്ലും ഗള്ളും ടോമും കൂടിയല്ലേ ഒരിക്കലൊരു ചങ്ങാടം പിടിച്ച് ദ്വീപിൽ ക്യാമ്പിന് പോയത്. മയക്കത്തിലാണ്ടു കിടക്കാറുള്ള ഹാനിബാൾ എന്ന കുഗ്രാമം, നീഗ്രോ ഹാനിക്സിന്റെ "സ്റ്റീം ബോട്ടു വരുന്നൂ.....!" എന്ന വിളി കേൾക്കുമ്പോൾ, ഉണർന്നെണീയ്ക്കുന്നത് ഹോളിഡേയ്സ് ഹില്ലിന്റെ താഴ്‌വാരത്തു നിന്നെത്ര തവണ കണ്ടു നിന്നിരിക്കുന്നു താൻ. നിഗൂഢതകൾ നിറഞ്ഞ മക്ഡൽ ഗുഹ കാണാൻ പോയതും അവിടത്തെ ഒരു വീപ്പയിൽ നിന്നൊരു മൃതദേഹം കണ്ടെടുത്തതുമോർക്കുമ്പോൾ ഇന്നും ഭയം കൊണ്ടുവിറച്ചു പോകുന്നു. ബാല്യകാലസ്മരണകളിൽ മുഴുകിയിരുന്ന സാമുവൽ അറിയാതെ പുഞ്ചിരിച്ചു.

കുട്ടികളുടെ പേടിസ്വപ്നമായിരുന്ന മി. ക്രോസ് എന്ന അധ്യാപകൻ ഇപ്പോൾ വിരമിച്ചു കാണുമോ? ഇല്ലെങ്കിൽ ഒന്നുപോയിക്കാണണം. ഒരുപാട് പ്രായമായിക്കാണും. മാഷിനെ താനും കൂട്ടുകാരും ചേർന്നെത്ര പറ്റിച്ചിരിക്കുന്നു. കസേരയ്ക്കടിയിൽ ഉരുളൻകല്ലു വച്ചതും മറ്റും സാറും മറന്നിരിക്കാനിടയില്ല. "കള്ളാ! സാറേ...." എന്നും പറഞ്ഞ് ചെവിയ്ക്ക് പിടിയ്ക്കുന്നതിന്റെ വേദന ഇപ്പോഴും അറിയുന്നു. പക്ഷേ ഇപ്പോഴതൊക്കെയോർക്കാൻ രസമുണ്ട്. ആദ്യത്തെ പിര്യേഡ് കഴിയാതെ എന്നെങ്കിലും താൻ ക്ലാസിൽച്ചെന്നിട്ടുള്ളതായി ഓർക്കുന്നതേയില്ല.

**നിനക്ക് പേടിയല്ലേ എന്നവൾ പറയാറുള്ളത് താനിന്നുമോർക്കുന്നു. വിൽബോവറും അവളും തമ്മിൽ അന്നെന്നും വഴക്കായിരുന്നല്ലോ. അത് ഒത്തുതീർപ്പാക്കാൻ താനെത്ര ശ്രമിച്ചിരിക്കുന്നു. കാളച്ചന്തയിലെന്നത് പോലെ അടിമകളെ വിൽക്കുന്ന അടിമച്ചന്ത. മനുഷ്യകുലത്തോടു തന്നെ വെറുപ്പ തോന്നിപ്പിക്കുന്ന ചില ദൃശ്യങ്ങളാണ് അവിടെക്കണ്ടത്. അടിമത്തത്തോടുള്ള എതിർപ്പ് തന്റെ മനസിൽ ശക്തിപ്രാപിച്ചതവിടെവച്ചായിരുന്നു.**

പിന്നെ സോഫിയാ ഡോസൺ തന്റെ ഏറ്റവും നല്ല ഗേൾഫ്രണ്ടായിരുന്നല്ലോ അവൾ. പൊക്കം കുറഞ്ഞ്, തിളങ്ങുന്ന കണ്ണുകളുള്ള സോഫിയ! എപ്പോഴും കുസൃതിയോടെ സംസാരിക്കുന്ന സോഫിയ! നിന്റെ വീട്ടിലേക്ക് ഞാൻ വരട്ടെ, സാം. ഇല്ലെങ്കിൽ വേണ്ട. നിനക്ക് പേടിയല്ലേ എന്നവൾ പറയാറുള്ളത് താനിന്നുമോർക്കുന്നു. വിൽബോവറും അവളും തമ്മിൽ അന്നെന്നും വഴക്കായിരുന്നല്ലോ. അത് ഒത്തുതീർപ്പാക്കാൻ താനെത്ര ശ്രമിച്ചിരിക്കുന്നു. അവസാനം ക്ലാസ്സിൽ പുതുതായി വന്ന ഷാർലറ്റ് വിങ്കിളാണ് പ്രസിദ്ധമായ ആ വഴക്ക് തീർത്തത്. സോഫിയുടെ വിവാഹം ഇപ്പോൾ കഴിഞ്ഞുകാണണം. അവളുടെയൊപ്പം കുട്ടിക്കളികളിയ്ക്കാൻ പറ്റിയ ഒരാളെത്തന്നെയാവുമോ അവൾ വിവാഹം ചെയ്തത്? ആർക്കറിയാം. ഹാനിബാളിൽ നിന്ന് പോരുമ്പോൾ താനവളെ കണ്ടിരുന്നെന്ന് തോന്നുന്നു.

പാവം ഓറിയോൺ. തന്റെ പ്രിയ ജ്യേഷ്ഠൻ. ഇത്രയും നിർഭാഗ്യവാനായ ഒരു ശുദ്ധാത്മാവ് ഈ ലോകത്ത് വേറെ കാണില്ല. ലോകത്തിന്റെ കാപട്യങ്ങളൊന്നുമറിയാതെ പോയതിനാൽ സ്വന്തമായി ഒരു ജീവിതം സ്വരുക്കൂട്ടാനാവാതെ പോയി ഓറിയോണിന്. ഏതൊരു സംരംഭത്തിനിറങ്ങിത്തിരിച്ചാലും അതെല്ലാം തകരുകയെന്നത് ഓറിയോമിന്റെ ജീവിതത്തിൽ പതിവായിരുന്നു. ആയിടെ വീട്ടിൽ വെറുതെയിരുന്നു സമയം കൊന്നിരുന്ന ഓറിയോണിനെ അച്ഛൻ സെൻ ലൂയീസിൽ പ്രിന്റിംഗ് പഠിക്കാനയച്ചു. അതിന്റെ പിൻബലത്തോടെയാണല്ലോ പിന്നീട്

ഒറിയോൺ ഒരു പത്രമാരംഭിച്ചത്. താൻ ആദ്യമായി തൂലിക ചലിപ്പിച്ച പത്രം. പക്ഷേ അത് അവസാനം ഒറിയോണിന്റെ നിലനില്പ്പിന്ന് തന്നെ ഭീഷണിയാവുമെന്ന് കണ്ടപ്പോൾ താൻ സ്വയം പിന്മാറുകയല്ലേ ചെയ്തത്.

ബാല്യത്തിന്റെ എല്ലാ ആഘോഷങ്ങൾക്കും അവസാനം മുറിച്ചത് അച്ഛന്റെ മരണത്തോടെയാണെന്ന് തോന്നുന്നു. അന്നൊരു വൈകുന്നേരം മിസിസിപ്പിയുടെ തീരത്ത് ഒരു ഡ്യൂമോസ് നോവലുമായി താൻ ചൂണ്ടയിട്ടു കൊണ്ടിരിക്കുമ്പോൾ വിൽ ബോവൻ ഓടിക്കിതച്ചുകൊണ്ടെത്തിയത് താനിന്നുമോർക്കുന്നുണ്ട്. കിതപ്പിനിടയിലൂടെ അവൻ പറഞ്ഞു: "സാം, നിന്റെ അച്ഛന്..... അസുഖം കൂടുതലാണ്. വേഗം ചെല്ല്....."

തന്റെ കണ്ണിലിരുട്ട് കയറുന്നത് പോലെ തോന്നി. ഓടുകയായിരുന്നില്ല. പറക്കുകയായിരുന്നു. ഹോളിഡെയ്സ് ഹില്ലും ലവേഴ്സ് കോർണറും വില്ലോ ഫാമും കടന്ന് താൻ വീട്ടിലെത്തി. കിടക്കയിലച്ഛൻ. അമ്മയൊരിടത്ത് മാറി നിന്ന് കരയുന്നു. പാമിലയുടെ കണ്ണുകൾ കലങ്ങിയിരുന്നു. ഹെൻറിയെ ആശ്വസിപ്പിക്കുകയായിരുന്നു ഒറിയോൺ. അച്ഛൻ ബദ്ധപ്പെട്ട് സംസാരിക്കാൻ ശ്രമിക്കുകയായിരുന്നു. 'ടെന്നസി ഭൂമി'യെപ്പറ്റിയാണദ്ദേഹം പറഞ്ഞത്. "ടെന്നസി കൈവിടരുത്.... അവിടെ നമുക്ക് കൃഷിയിറക്കണം......പറ്റുമെങ്കിൽ..... ഭാഗ്യമുള്ള മണ്ണാണ്....കൈവിട്ടു കളയരുത്..." അതെ, അവസാന നിമിഷത്തിലും അച്ഛനതാണ് പറഞ്ഞത്. അച്ഛന് കിട്ടിയ പാരമ്പര്യ സ്വത്തായിരുന്നു ടെന്നസിയിലെ 50 ഏക്കറോളം വരുന്ന പറമ്പ്. കടം കയറി മുടിഞ്ഞപ്പോൾ ആളുകൾ സ്ഥലം കയ്യേറി. ഇന്നും കടം ബാക്കിയാണ്. അത് വീട്ടാനായിരുന്നു അച്ഛൻ കഷ്ടപ്പെട്ടതെല്ലാം. അത് വീണ്ടെടുത്ത് അവിടെ ഒരു ദിവസമെങ്കിലും ജീവിച്ചിട്ട് മരിക്കണമെന്നായിരുന്നു അച്ഛന്റെ ആഗ്രഹം. അത് സാധിക്കാതെ പോയി, ആ ഭൂമിയെങ്ങനെയും തിരിച്ചു പിടിക്കണമെന്ന ചിന്ത മാത്രമേ അന്ന് തന്റെ മനസിലു

**പ്രസാധകൻ [illegible] നോട്ടുകൾ തന്റെയ കയ്യിലേക്ക് [illegible]പ്പോൾ ലോകം കീഴടക്കിയ സന്തോ[illegible]യിരുന്നു തനിക്ക്. താൻ തന്റെ [illegible]യിരിക്കുന്നു. ഇനി നാട്ടിലേ[illegible]മ്മയെക്കാണണം. എത്രയോ [illegible] ഹാനിബാളിൽ നിന്ന് പോന്നിട്ട്.**

ണ്ടായിരുന്നുള്ളു. എങ്ങനെയെങ്കിലും പണമുണ്ടാക്കുക. എങ്ങനെ? എവിടെയൊക്കെയോ മനസ് ഉടക്കി നിന്നു. പക്ഷേ ഒന്നും അധികനാൾ നിന്നില്ല.

അവസാനം മനസിൽ നിന്ന് വിട്ടുപോകാൻ മടിച്ച ബാല്യകാലമോഹം സാധിക്കുകയെന്ന ലക്ഷ്യത്തോടെ, പലരിൽനിന്നും കടം വാങ്ങിയ പണവുമായി ഹാനിബാളിൽ നിന്ന് യാത്ര തിരിക്കാൻ തീരുമാനിച്ചു. സ്റ്റീംബോട്ടിന്റെ പൈലറ്റാവുക. അതായിരുന്നു മോഹം. പോവുമ്പോൾ അമ്മ പറഞ്ഞതിപ്പഴും കാതിൽ മുഴങ്ങുന്നു. "ചീത്ത കൂട്ടുകെട്ടുകളിൽ ചെന്ന് ചാടരുത്. മദ്യപിക്കരുത്." ഇന്നുവരെയും താനത് പാലിച്ചിട്ടുണ്ടല്ലോ. ജിന്നി ഡീൻസ് എന്നൊരു ബോട്ടിലായിരുന്നു താൻ തിരിച്ചത്. ബോട്ട് അകന്നുപോവുമ്പോൾ അമ്മയും ഒറിയോണും ഹെൻറിയും സോഫിയയും ജട്ടിയിൽ നിൽപ്പുണ്ടായിരുന്നു.

ആ യാത്ര തന്റെ ജീവിതം തന്നെ മാറ്റിമറിച്ച ഒന്നായിരുന്നല്ലോ. ബോട്ടിന്റെ മുകൾത്തട്ടിൽ കയറി ഒരു പൈപ്പും പുകച്ച് തീരത്തുള്ള കുട്ടികൾ അസൂയപ്പെടട്ടെ എന്ന് കരുതി താൻ നിന്നു. വിശാലമായി പരന്നു കിടക്കുന്ന നദി മുന്നിൽ. കൊച്ചു ദ്വീപുകളും ചങ്ങാടങ്ങളും വഞ്ചികളും പിന്നിട്ട് ബോട്ട് നീങ്ങി. ആ യാത്ര ഒരിക്കലും തീരാതിരുന്നെങ്കിൽ എന്നുവരെ താനോർത്തു പോയില്ലേ.

ന്യൂ ഓർലിയൻസിലാണ് ആ യാത്രയവസാനി

ച്ചത്. ആ പട്ടണം തനിക്ക് വലിയ അത്ഭുതമായി രുന്നു അന്നും ഇന്നും. ജനങ്ങൾ തിങ്ങിനിറഞ്ഞ നിരത്തുകളും കടകമ്പോളങ്ങളും. കാളച്ചന്തയി ലെന്നത് പോലെ അടിമകളെ വിൽക്കുന്ന അടി മച്ചന്ത. മനുഷ്യകുലത്തോടു തന്നെ വെറുപ്പ തോന്നിപ്പിക്കുന്ന ചില ദൃശ്യങ്ങളാണ് അവിടെ ക്കണ്ടത്. അടിമത്തത്തോടുള്ള എതിർപ്പ് തന്റെ മനസിൽ ശക്തിപ്രാപിച്ചതവിടെവച്ചായിരുന്നു.

ഹൊറെയ്സ് ബിക്സിബിയെ ഞാൻ കണ്ടു: എന്റെ ഗുരു. എന്നെ വളയം പിടിപ്പിക്കാൻ പഠിപ്പി ച്ചതദ്ദേഹമാണ്. 'പാൾ ജോൺസി'ന്റെ ക്യാബി നിലേക്ക് കാലെടുത്ത് വയ്ക്കുമ്പോൾ ഒരു വിറ യൽ തനിക്കനുഭവപ്പെട്ടില്ലേ? അവിടെ നിന്ന് താൻ നദി നോക്കിക്കണ്ടു. ശിക്ഷണം തുടങ്ങി ഒരാഴ്ചക്കുള്ളിൽ തന്നെ ബോധ്യമായി ആവി ബോട്ടോടിക്കുകയെന്നത് കാണുന്നത് പോലെ യെളുപ്പമല്ലെന്ന്. പിന്നീട് എല്ലാം മനസിലാക്കി. നദിയുടെ ഓരോ മുക്കും മൂലയും താൻ പഠിച്ചു. ആ ജോലിയൊരിക്കലും ഒരു ഭാരമായി തോന്നി യിട്ടില്ലല്ലോ തനിക്ക്. എന്നാൽ ജീവിതം അപ്പോഴും സ്വസ്ഥമായിരുന്നില്ല.


ഹെൻറിയുടെ മരണമാണ് തന്നെയേറ്റവും തളർത്തിയത്. 'പെനിസിൽവാനിയ ദുരന്തം,' ജോലിയൊന്നുമില്ലാതെ വീട്ടിലിരുന്നിരുന്ന ഹെൻറിയ്ക്ക് 'പെനിസിൽവാനിയ' എന്ന യാത്രാ ബോട്ടിൽ ജോലി വാങ്ങിക്കൊടുത്തത് താനായിരുന്നു. വീട്ടിലേയ്ക്ക് മടങ്ങാൻ 'പെനി

സാമുവലിന് കാര്യം പിടികിട്ടി. ചങ്ങാടത്തിലു ളളയാൾ ഒരു നീഗ്രോയാണ്. സ്വാതന്ത്ര്യം കാംക്ഷിക്കുന്ന, ഒളിച്ചോടിയ നീഗ്രോ. സ്വതന്ത്രനാകാനായി കെയ്റോ തേടിയുള്ള യാത്രയിലാണയാൾ. അവന്റെ മുഖത്തേയ്ക്ക് നോക്കിയപ്പോൾ സാമിന് എന്തോ പരിചയം തോന്നിച്ചു. അതാരുടെ ഛായയാണ്? തന്റേ തല്ലേ?

സിൽവാനിയ' കാത്തു നിൽക്കുമ്പോഴാണ് താനാ ഞെട്ടിക്കുന്ന വാർത്തയറിഞ്ഞത്. മെംഫി സിൽ വച്ച് ബോട്ടിൽ ഒരു പൊട്ടിത്തെറിയുണ്ടാ യി. മുന്നൂറോളം പേർക്ക് പൊള്ളലേറ്റു. പലരു ടെയും നില ഗുരുതരം. മൃതദേഹങ്ങൾ കൂനകൂ ട്ടിയ ആശുപത്രി വരാന്തയിലൂടെ താൻ ഹെൻറിയെത്തേടി നടന്നത്! ഹൊ!

സാമുവൽ വിയർത്തൊഴുകി. അയാൾ എഴുന്നേ റ്റു. രാത്രിയായിരുന്നു. നദിയുടെ താഴെ നിന്നൊരു മുഴക്കം തോന്നുന്നു. അതെ, ക്യൂൻ മിസ്സോറിയുടെ ശബ്ദം തന്നെ. ജട്ടിയിൽ ആൾ നിറഞ്ഞു തുടങ്ങി. ചള ചള ശബ്ദത്തോടെ ബോട്ട കരയ്ക്കടുത്തു. സാം കയറി ഒരിടത്തിരു പ്പുറപ്പിച്ചു. കാലത്ത് മൂന്ന് മണിയോടെ ഹാനി ബാളിലെത്തിയേക്കാം. സാം പഴയ ഓർമ്മകൾ പുതുക്കി. ബോട്ടു നീങ്ങി നിലാവുള്ള രാത്രി യായിരുന്നു. ആളുകൾ സുഖനിദ്രയിലായിരുന്നു. എന്നാൽ സാമിനുറക്കം വന്നതേയില്ല. അയാൾ വീണ്ടും ഓർമ്മകളിലേയ്ക്ക് മടങ്ങി.

ആഭ്യന്തരയുദ്ധം പൊട്ടിപ്പുറപ്പെട്ടതോടുകൂടി ബോട്ടുസർവ്വീസ് നിർത്തിവയ്ക്കപ്പെട്ടു. യുദ്ധം കൊടുമ്പിരിക്കൊണ്ടു. താൻ അടിമത്തത്തിനെ തിരെ നില കൊണ്ടു. അലച്ചിലിന്റെ നാളുകൾ! ജോലി തേടി എവിടെയൊക്കെ! ന്യൂയോർക്കിലും നെവേദയിലും കാലി ഫോർണിയയിലും ഒക്കെ! എവിടെയും നിന്നി ല്ല അധികനാൾ. അഞ്ചുവർഷക്കാലം. അനുഭവ ങ്ങൾ കൊണ്ട് മനസു നിറഞ്ഞിരുന്നു. ഏറെയും കയ്പ്പുള്ളവ! എങ്കിലും നർമ്മബോധത്തോടെ യെനിക്ക് ലോകത്തെ നോക്കിക്കാണാൻ കഴി ഞ്ഞുവെന്നത് വലിയൊരു ഭാഗ്യമായിരുന്നു. തൂലി കയിൽ തന്റെ കണ്ണുകൾ ഉടക്കിനിന്നു. 'സെലി ബ്രേറ്റഡ് ജംപിങ്ങ് ഫ്രോഗ് ഓഫ് കാൽവെരസ് കൗണ്ടി & അദർ സ്കെച്ചസ്' തന്റെ തൂലികയിൽ നിന്നടർന്ന് വീണത് അപ്പോഴാണ്. പ്രസാധകൻ ഏതാനും നോട്ടുകൾ തന്റെയാ കയ്യിലേക്ക് വച്ചു തന്നപ്പോൾ ലോകം കീഴടക്കിയ സന്തോഷമാ



യിരുന്നു തനിക്ക്. താൻ തന്റെ വഴി കണ്ടെത്തിയിരിക്കുന്നു. ഇനി നാട്ടിലേയ്ക്ക് മടങ്ങണം. അമ്മയെക്കാണണം. എത്രയോ കാലമായി ഹാനിബാളിൽ നിന്ന് പോന്നിട്ട്. ഗ്രാമം ഇപ്പോഴും അതുപോലെ തന്നെയോ? അതോ വലിയ പട്ടണമോ? അമ്മയ്ക്കെന്തു സന്തോഷമാവും തന്നെ കാണുമ്പോൾ. തന്റെ ആദ്യത്തെ പുസ്തകവും അതിന്റെ പ്രതിഫലവും അമ്മയെ കാണിക്കണം. അച്ഛന്റെ പഴയ ആഗ്രഹം പൂർത്തീകരിക്കണം. കാറ്റേറ്റ് സാമുവൽ ഒന്നു മയങ്ങി. അയാൾ ഒരു സ്വപ്നത്തിലേയ്ക്ക് വഴുതി വീണു. മിസിസിപ്പിയുടെ തീരത്ത് ഒരു തണുത്ത രാത്രിയിൽ അയാൾ ഇരിക്കുന്നു. പാതിയുറക്കത്തിൽ, തൊട്ടടുത്ത് ഒരു റാന്തൽ വിളക്കുണ്ട്. നദി ശാന്തമാണ്. ഇരുണ്ട് നീലിച്ച ആകാശവും നദിയും കറുത്തിരുണ്ട മറുതീരവും. ശക്തമായ കാറ്റ്. അയാൾ വിറച്ചു. അകലെ നിന്നൊരു ചങ്ങാടം വരുന്നത് കണ്ടു. അതിന്റെ വേഗം കുറഞ്ഞു. അതിന്റെ മുകളിലുള്ള കൂടാരത്തിലെ റാന്തലിന്റെ തിരി താണു. അതിൽ നിന്ന് ഒരു കൊച്ചു വഞ്ചി തന്റെയടുത്തേക്ക് വരുന്നത് സാമുവൽ കണ്ടു. അതൊരു പയ്യനായിരുന്നു. മുഷിഞ്ഞ് കീറിയ വേഷം. പൊടിഞ്ഞ വൈക്കോൽ തൊപ്പി. ളോഹ പോലെയുള്ള വള്ളിപാൻസ്. അവൻ ചുറചുറുക്കോടെ ചോദിച്ചു.

"ഹേയ് മിസ്റ്റർ! ഈ സ്ഥലം കെയ്റോ ആണോ?" സാമുവൽ അന്തംവിട്ടു.

"കെയ്റോ? അല്ല. കെയ്റോ ഇവിടെയാണോ? എന്തേ ചോദിക്കാൻ?"

ചെറുക്കൻ ഒന്നുപരുങ്ങി. "ഏയ്...ഒന്നുമില്ല....വെറുതെയൊന്നറിയാൻ...."

സാമുവലിന് കാര്യം പിടികിട്ടി. ചങ്ങാടത്തിലുള്ളയാൾ ഒരു നീഗ്രോയാണ്. സ്വാതന്ത്ര്യം കാംക്ഷിക്കുന്ന, ഒരൊളിച്ചോടിയ നീഗ്രോ. സ്വതന്ത്രനഗരമായ കെയ്റോ തേടിയുള്ള യാത്രയിലാണവർ. അവന്റെ മുഖത്തേയ്ക്ക് നോക്കിയപ്പോൾ സാമിന് എന്തോ പരിചയം തോന്നിച്ചു. അതാരുടെ ഛായയാണ്? തന്റേതല്ലേ? അതോ ടോം ബ്ലാക്കൻഷിപ്പിന്റെയോ? അതോ വിൽ ബോവന്റെയോ?

"എന്താ നിന്റെ പേര്?"

"ഹക്ക്! ഹക്ക്ൾബെറിഫിൻ എന്ന് മുഴുവൻ പേര്!"

അവൻ ചങ്ങാടത്തിലേയ്ക്ക് മടങ്ങിപ്പോയി.

സാം പിന്നെയും വളരെനേരം ഉറങ്ങി. ബോട്ട് നീങ്ങിക്കൊണ്ടിരുന്നു. ബോട്ടുകാരന്റെ ഉച്ചത്തിലുള്ള വിളി കേട്ടാണ് സാം ഉണർന്നത്.

* "മാർക് ടൈ്വയ്ൻ! മാർക് ടൈ്വയ്ൻ! മാർക് ടൈ്വയ്ൻ"

സാം ഞെട്ടിയുണർന്നു. സാം താൻ കണ്ട സ്വപ്നത്തെക്കുറിച്ചോർത്തു. ആരാണവൻ? ഹക്ക്! സാം പുറത്തേയ്ക്ക് നോക്കി. ഹാനിബാളിന്റെ തീരം. ഉന്മേഷത്തെടെയാണയാൾ തീരത്തിറങ്ങിയത്. തന്റെ തൂലികയിൽ അയാൾ മുറുകെപ്പിടിച്ചിരുന്നു.


നദിയുടെ ആഴമളക്കാൻ കപ്പലോട്ടികൾ ഉപയോഗിക്കുന്ന ഒരു സംജ്ഞയാണ് 'മാർക് ടൈ്വയ്ൻ.' 'ടോംസോയർ', 'ഹക്ക്ൾബെറിഫിൻ' തുടങ്ങിയ ഗ്രന്ഥങ്ങളിലൂടെ പ്രശസ്തനായ സാമുവൽ ആ സംജ്ഞയാണ് തന്റെ തൂലികാനാമമായി തെരഞ്ഞെടുത്തത്.

# നിത്യകല്യാണി

എ. ഷാനിഫ
II. എം.എ. എക്കണോമിക്സ്

മങ്ങിയ ഈ പകലിന്റെ ശൂന്യതയിലേയ്ക്ക് തുറന്നുപിടിച്ച കണ്ണുകളുമായി ഇവിടെയിങ്ങനെ നിൽക്കാൻ തുടങ്ങിയിട്ട് എത്രനേരമായെന്നറിയില്ല. കാലത്ത് കണ്ട പത്രവാർത്തയിപ്പോഴും വിശ്വസിയ്ക്കാനാവുന്നില്ല.

'അരുൺ കുമാറിന്റെ ഘാതക നക്സലൈറ്റ്' നിത്യാവർമ്മ. നിത്യേച്ചീ... നിലാവിന്റെ നൈർമ്മല്യമുള്ള നിത്യേച്ചീ....



**ജനലിനപ്പുറത്തു നിന്നും നിത്യകല്യാണിപ്പൂക്കൾ എത്തിനോക്കുന്നു. നിറയെ പൂത്തുനിൽക്കുന്ന ചെടികാണുമ്പോൾ, നിത്യേച്ചിയുടെ നിലാവിന്റെ നേർമ്മയുള്ള ആ ചിരി മനസ്സിൽ വീണ്ടും ഉണരുകയാണ്.**

അകത്തളത്തിന്റെ നിതാന്തമായ, ഏകാന്തതയിൽ സ്വന്തം നിസ്സഹായതയെ ചങ്ങലയിൽ പൂട്ടിയിരിക്കുന്ന അമ്മ, കാലത്തിന്റെ അടിയേറ്റ് തളർന്നുപോയ അച്ഛൻ, ഇവർക്കെല്ലാം നടുവിൽ മിന്നാമിനുങ്ങായി നിത്യേച്ചി. ചെറുപ്പം മുതലേ താനെന്നും നിത്യേച്ചിയുടെ കൂടെയായിരുന്നു. നിത്യേച്ചിയുടെ മാത്രം ശ്രീക്കുട്ടിയായി... തനിയ്ക്ക് ചേച്ചി ആരുമല്ലായിരുന്നു. എങ്കിലും ആരൊക്കെയോ പോലെ.... മുതിർന്നപ്പോൾ പിരിയേണ്ടി വന്നു, നിത്യേച്ചി മെട്രിക്കുലേഷൻ കഴിഞ്ഞപ്പോൾ. ചേച്ചിയുടെ അച്ഛന്റെ ആഗ്രഹമായിരുന്നു മകളെ തിരുവനന്തപുരത്ത് വിട്ട് പഠിപ്പിയ്ക്കുകയെന്നത്. നിത്യേച്ചി സ്വപ്നം കണ്ട വക്കീൽകുപ്പായം നേടാൻ അവിടത്തെ പഠിത്തം കൊണ്ട് കഴിഞ്ഞു. പെട്ടെന്നുള്ള വിടവാങ്ങൽ താങ്ങാനുള്ള കരുത്ത് നിത്യേച്ചിയ്ക്കുണ്ടായിരുന്നില്ല. പക്ഷേ, ആ മാറ്റം അനിവാര്യമായിരുന്നു താനും.

അമ്മയുടെ മരണവും അച്ഛന്റെ നിസ്സഹായതയും എല്ലാം ചേച്ചി തനിയെ നേരിട്ടു. ഓരോ ദുരന്തങ്ങളേറ്റു വാങ്ങിക്കഴിയുമ്പോഴും ചേച്ചി കൂടുതൽ ശക്തി നേടുകയായിരുന്നു.

ഒരിയ്ക്കൽ ചേച്ചിയെഴുതി, "...........ഞാനിവിടെ ആഷിഖ് എന്നയാളെ പരിചയപ്പെട്ടു. മനസ്സിൽ കുറേ അഗ്നിയും അതിലേറെ സ്നേഹവുമായി ഒരാൾ. ശ്രീക്കുട്ടി....ഞങ്ങൾ വളരെ മുമ്പേ കണ്ടുമുട്ടേണ്ടവരായിരുന്നു, എന്നെനിയ്ക്ക് തോന്നുകയാണിപ്പോൾ." പിന്നീട് ഒരു ചുവന്ന സന്ധ്യയിൽ തമ്മിൽ കണ്ടപ്പോൾ പറഞ്ഞു. "ശ്രീ..... ആഷിഖൊരു നക്സലൈറ്റാണ്. ഞാനും തീരുമാനിച്ചു ആഷിഖിനൊപ്പം എന്നും......." ഒടുവിൽ പറഞ്ഞു, വെറുതെ എരിഞ്ഞുതീരുന്നതിലും നല്ലതല്ലേ ആളിക്കത്താൻ ശ്രമിക്കുകയെങ്കിലും......?

വർഷങ്ങൾക്കു ശേഷമാണ് എല്ലാം അതിന്റേതായ അർത്ഥത്തിൽ ഉൾക്കൊള്ളാനായത്. താനെന്നും ആഗ്രഹിച്ചിരുന്ന ജോലി ഇപ്പോൾ കൈവന്നപ്പോൾ എല്ലാം തച്ചുടച്ച് മടങ്ങണമെന്ന് തോന്നുന്നു. ആഴ്ചകൾക്ക് മുമ്പാണ് "നക്സ

ലൈറ്റ് പ്രണയജോഡികൾ'' ഒളിവിൽ എന്ന വാർത്തയ്ക്കുവേണ്ടി റിപ്പോർട്ടെഴുതേണ്ടി വന്നത്. ഓരോന്ന് കണ്ടുപിടിച്ചുവന്നപ്പോഴാണ് തന്റെ നിത്യേച്ചിയെക്കുറിച്ചാണീ അനാവശ്യങ്ങളൊക്കെ എഴുതിക്കൂട്ടിയതെന്ന് അറിഞ്ഞത്. ഇപ്പോഴും ഓഫീസിലാർക്കും മനസ്സിലായിട്ടില്ല തനിയ്ക്ക് നിത്യാവർമ്മയെ അറിയാമെന്ന കാര്യം അതുകൊണ്ടു തന്നെ പലപ്പോഴും പലതും കേൾക്കേണ്ടി വരുന്നു. പലർക്കും തന്റെ അഭിപ്രായവും കേൾക്കണം. മനസ്സ് ഓരോ നിമിഷവും വീർപ്പു മുട്ടുകയായിരുന്നു. അങ്ങനെയാണ് വാർത്തകൾ കൂടും മുമ്പേ അവധി വാങ്ങിയിറങ്ങിയത്.

അവസാനമായി നിത്യേച്ചിയെ കണ്ടത് മാസങ്ങൾക്ക് മുമ്പാണ്. ഒരു നനഞ്ഞ പകലിന്റെ പകുതിയിൽ വിടപറയാനായി മാത്രം......... അന്ന് ചേച്ചി പറഞ്ഞു: ''എന്തെങ്കിലും സംഭവിച്ചാൽ ഒരിയ്ക്കലും ശ്രീക്കുട്ടി തളരരുത്..........പ്രൊഫഷനെയും അത് ബാധിയ്ക്കാതെ നോക്കണം. ഒന്നിനും തനിയ്ക്ക് മറുപടിയുണ്ടായിരുന്നില്ല, ഒന്നുമൊന്നും പറയാതെ ഏറെ നേരം നോക്കി

***അമ്മയുടെ മരണവും അച്ഛന്റെ നിസ്സഹായതയും എല്ലാം ചേച്ചി തനിയെ നേരിട്ടു. ഓരോ ദുരന്തങ്ങളേറ്റു വാങ്ങിക്കഴിയുമ്പോഴും ചേച്ചി കൂടുതൽ ശക്തി നേടുകയായിരുന്നു. ഒരിയ്ക്കൽ ചേച്ചിയെഴുതി,***

നിന്നു. മൗനം കനത്തപ്പോൾ പുറത്ത് പതിവ് സാന്ത്വനവുമേകി ചേച്ചി പോയി. തനിയ്ക്കെന്നും ദേഷ്യം ആഷിഖിനോടായിരുന്നു. അന്ന് ആ സഖാവിനെഴുതി. നിത്യേച്ചിയുടെ 'ആഷ്'ന്റെ വാക്കുകൾ മറ്റൊന്നായിരുന്നു. ''കുട്ടിയുടെ നിത്യേച്ചി ഉള്ളിൽ പിൻമാറുകയെന്നൊന്നുണ്ടാവില്ല. നമ്മളൊക്കെ അറിഞ്ഞതിനും അപ്പുറമാണ് നിത്യ''.

പിന്നീടൊന്നും ചെയ്യാനില്ലാതെയായി. ഓരോ ദിവസവും പത്രങ്ങൾ നോക്കി സമയം കഴിഞ്ഞു. ഏതോ ഒരു ഉച്ചമയക്കത്തിൽ നിത്യേച്ചിയുടെ ചന്ദനകളർ സാരിയിൽ നിറയെ ചോര സ്വപ്നം കണ്ട് ഞെട്ടിയുണർന്നു. ആ സ്വപ്നത്തിന്റെ ഭീതികൊണ്ട് ഉടൻതന്നെ ഫോൺ ചെയ്തു. അകലങ്ങളിൽ നിന്നും തേങ്ങൾ പോലെ ശ്രീക്കുട്ടീ........ എന്ന വിളി മാത്രം കേട്ടു.

ഇന്നു എല്ലാം സംഭവിച്ചിരിക്കുന്നു. ചേച്ചിയുടെ മേൽ കൊലപാതകക്കുറ്റം ചുമത്തപ്പെട്ടിരിക്കുന്നു. ഒന്നിനു പിറകെ ഒന്നായി കെട്ടുകൾ..... അവയ്ക്കൊന്നും മുൻപിൽ ഇനിയും തലകുനിക്കുവാൻ തനിയ്ക്കാവില്ല. വരണ്ട വേനലിന്റെ ഈ പകുതിയിൽ ഒന്നു തീരുമാനിച്ചു. ഒരു ലേഖകനുമെത്താത്ത, ആരോരുമറിയാത്ത..... തന്റെ നിത്യേച്ചിയുടെ.... അല്ലാ.....കോവിലകത്തെ നിത്യാവർമ്മയുടെ കഥ. ''കേരളശബ്ദം'' ലേഖിക ശ്രീജാമേനോൻ തന്നെ എഴുതിത്തുടങ്ങും.